"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവരപൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ സുനിൽ ഹസ്സനെ കൊല്ലം മേഖല ഡെപ്യൂട്ടി ഡയറക്ടറായും, ശ്രീ അനിൽ ഭാസ്കറിനെ ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകികൊണ്ട് കണ്ണൂർ മേഖല ഡെപ്യൂട്ടി ഡയറക്ടറായും നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1887/2023/GAD തീയതി,തിരുവനന്തപുരം, 26-04-2023

പരാമർശം:-
1. സ.ഉ(കൈ) നം. 12/2023/പൊഭവ തീയതി. 28.01.2023
2. സ.ഉ (സാധാ) നം.995/2023/പൊഭവ തീയതി 02.03.2023
3. ശ്രീ. സുനിൽ ഹസ്സൻ 30.03.2023 ൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

വിവര പൊതുജന സമ്പർക്ക വകുപ്പില് 2018 ൽ സൃഷ്ടിച്ച വിവരപൊതുജന സമ്പർക്ക (എച്ച്) എന്ന താല്ക്കാലിക സെക്ഷൻ നിർത്തലാക്കി ഡെപ്യൂട്ടി ഡയറക്ടർ ഒഴികെയുള്ള തസ്തികകൾ പുനർവിന്യസിച്ചിട്ടുണ്ടെങ്കിലും താല്ക്കാലിക സെക്ഷന്റെ സൂപ്പർവൈസറി തസ്തികയായി അനുവദിച്ചിരുന്ന ഡെപ്യൂട്ടി ഡയറക്ടർ തസ്തിക മാത്രം 31.03.2023 വരെ തുടർച്ചാനുമതി നൽകികൊണ്ട് സുചന (1) പ്രകാരം ഉത്തരവായിരുന്നു .

പ്രസ്തുത കാലയളവ് കഴിഞ്ഞ സാഹചര്യത്തിൽ വിവരപൊതുജന സമ്പർക്ക വകുപ്പിൽ നിലവിലുള്ള ഏതെങ്കിലും ഒഴിവിൽ നിയമനം നൽകണമെന്ന് പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സുനിൽ ഹസ്സൻ സൂചന (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവരപൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ സുനിൽ ഹസ്സൻ 2024 മെയ് മാസം സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ, ടിയാന് ഹോം സ്റ്റേഷന് തൊട്ടടുത്ത കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ആയി നിയമനം നൽകികൊണ്ടും, സൂചന (2) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിന്നും റിവേർട്ട് ചെയ്ത് നിലവിൽ ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ തുടരുന്ന വകുപ്പിലെ സീനിയർമോസ്റ്റ് ഇൻഫർമേഷൻ ഓഫീസർ ശ്രീ അനിൽ ഭാസ്കറിനെ ഡെപ്യൂട്ടി ഡയറക്ടർ

തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കണ്ണൂർ മേഖലാ ഡെപ്യൂട്ടി ഡയറക്ടറായും നിയമനം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ശ്രീ. സുനിൽ ഹസ്സൻ, ഡെപ്യൂട്ടി ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
(വിവരപൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീ. അനിൽ ഭാസ്കർ, ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
(വിവരപൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക (എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ